## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1246 11.06.2019 – ൽ മറുപടിക്ക്**

## വൈക്കത്തെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി. സി.കെ. ആശ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2016-17 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വൈക്കം-വെച്ചൂർ റോഡിന്റെ വീതി കൂട്ടി പുനർനിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;<br><br>(ബി) വൈക്കം-വെച്ചൂർ റോഡിന്റെ പുനർനിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ | (എ) & (ബി) | 2016-17 സംസ്ഥാന ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ വൈക്കം-വെച്ചൂർ റോഡിന് 20.08.2016-ലെ സ.ഉ(സാധാ)നം.1192/2016/ പൊ.മ.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 14.03.2018-ൽ 93.73 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകി. വൈക്കം താലൂക്കിൽ റീസർവ്വെ നടത്താത്തതിനാൽ ഭൂവുടമകളുടെ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം തിട്ടപ്പെടുത്തുവാൻ റവന്യൂ അധികാരികൾക്ക് സാധിക്കാത്തതിനാൽ എൽ.എ ആക്ട് 2013 പ്രകാരം പ്രസ്തുത റോഡിൽ ഉൾപ്പെടുന്ന മൊത്തം ഭൂമിയുടെ വിസ്തീർണ്ണമായ 554.02 ആർ വച്ച് റിക്വിസിഷൻ |

| | | | |
|---|---|---|---|
| | | | കോട്ടയം ജില്ലാ കളക്ടർക്ക് 06.09.2016-ൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പ്രത്യേകമായി ലഭ്യമാക്കുന്നതിലേക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | നേരേകടവ്-മാക്കേക്കടവ് പാലം നിർമ്മാണത്തിന്റെ സ്തംഭനാവസ്ഥ പരിഹരിക്കാൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി) | നേരേക്കടവ് - മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെയും നാവിഗേഷൻ സ്പാനിലുള്ള 4 ബീമുകളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് നിർമ്മാണത്തിനാവശ്യമായ സ്ഥലം മുൻകൂർ വിട്ടു നല്കുന്നതിന് ചില സ്ഥല ഉടമകൾ തയ്യാറാകാത്തതിനെ തുടർന്ന് പണികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് LAAR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 13.09.2018 ലെ G.O.(Rt) No.1436/2018/PWD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ് ഇനത്തിൽ 5,32,847/- രൂപയുടെ ഭരണാനുമതി |

16.01.2019 ലെ G.O.(Rt) 61/2019/PWD സർക്കാർ ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | വൈക്കത്ത് പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമം ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ ? | (ഡി) | വൈക്കം മിനി സിവിൽ സ്റ്റേഷന്റെ പുതിയ അനക്സ് ബിൽഡിംഗിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ